# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7233 — 11.07.2014-ൽ മറുപടിയ്ക്ക്

## മോണോറെയിൽ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എളമരം കരീം<br>,, വി.ശിവൻകുട്ടി<br>,, ബി.സത്യൻ<br>,, എ.പ്രദീപ്കുമാർ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) മോണോറെയിൽ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;<br><br>(ബി) പദ്ധതിയുടെ കരാർ സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ; | (എ)&(ബി):<br>മോണോറെയിൽ പദ്ധതികൾക്കായി കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡ് 01.10.2013-ന് ടെണ്ടർ ക്ഷണിച്ചപ്പോൾ ബൊംബാർഡിയൻ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഒറ്റ സ്ഥാപനം മാത്രമേ താൽപര്യം പ്രകടിപ്പിച്ചുള്ളു എന്നതിനാൽ, റീടെണ്ടർ വിളിച്ചു. റീടെണ്ടർ തുറന്നപ്പോഴും പ്രസ്തുത സ്ഥാപനത്തിന്റെ ടെണ്ടർ മാത്രമേ ലഭിച്ചുള്ളു. അതിന്റെ സാങ്കേതിക ദർഘാസ് പരിശോധിച്ചു വരികയാണ്. |
| (സി) തിരുവനന്തപുരത്തും കോഴിക്കോട്ടുമായി സ്ഥാപിക്കുന്ന മോണോറെയിൽ പദ്ധതിക്ക് എത്ര തുക ചെലവുവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; പണം ഏതെല്ലാം സ്രോതസ്സുകളിലൂടെ കണ്ടെത്താമെന്നാണ് കരുതുന്നത് ; | (സി) ഡി.പി.ആർ. പ്രകാരം കോഴിക്കോട് നഗരത്തിന് 1991 കോടി രൂപയും, തിരുവനന്തപുരം നഗരത്തിന് 3590 കോടി രൂപയും ചെലവു വരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. മോണോറെയിൽ പദ്ധതികൾക്കായി ധനസമാഹരണത്തിന്റെ മൊത്തം അടങ്കൽ തുകയുടെ 20% കേരള ഗവൺമെന്റും, 20% കേന്ദ്രഗവൺമെന്റും ബാക്കി 60% വിദേശീയ |

ബാങ്കുകൾ മുഖേനയും സമാഹരിക്കണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്.

| | | | |
|---|---|---|---|
| (ഡി) | മോണോറെയിൽ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | (ഡി) | തിരുവനന്തപുരം മോണോറെയിൽ പദ്ധതി 60 മാസം കൊണ്ടും കോഴിക്കോട് മോണോറെയിൽ പദ്ധതി 36 മാസം കൊണ്ടും സമയബന്ധിതമായി പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. മോണോറെയിൽ പദ്ധതിയെ കേരള സർക്കാരിന്റെ മിഷൻ 676 പ്രകാരം പ്രഖ്യാപിച്ച നവരത്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | സംസ്ഥാന ബജറ്റിൽ ഈ പദ്ധതികൾക്ക് എന്തു തുക വീതം വകയിരുത്തിയിട്ടുണ്ട് ; ഇതിനകം ചെലവായ തുക എത്ര ? | (ഇ) | 2014-15 ബഡ്ജറ്റിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി മോണോറെയിൽ പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികൾക്കായി 1225 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിക്കായി 30.06.2014 വരെ 8,53,49,215/- കോടി രൂപ (എട്ട് കോടി അൻപത്തിമൂന്ന് ലക്ഷത്തി നാൽപ്പത്തൊൻപതിനായിരത്തി ഇരുന്നൂറ്റി പതിനഞ്ച് കോടി രൂപാ മാത്രം) ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ